# ജമാഅത്തെ ഇസ്‌ലാമി ഒരു നവോത്ഥാന പ്രസ്ഥാനം

ടി.കെ. അബ്ദുല്ല

ജമാഅത്തെ ഇസ്‌ലാമി സ്വയം വിശേഷിപ്പിക്കുന്നത്പോലെ ഒരു നവോത്ഥാന പ്രസ്ഥാനമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ഉദയം ചെയ്ത ശക്തിമത്തായ ഇസ്‌ലാമിക പ്രസ്ഥാനം. കാലദൈർഘ്യത്താലോ ബാഹ്യാന്തര ശക്തികളുടെ സമ്മർദ്ദത്താലോ ദീനുൽ ഇസ്‌ലാമിൽ കടന്നുകൂടിയ അനിസ്‌ലാമിക അംശങ്ങളെ തൂത്ത് മാറ്റുകയും ദീനിൽനിന്ന് എടുത്ത് മാറ്റപ്പെട്ട വശങ്ങൾ യഥാസ്ഥാനങ്ങളിൽ പുനഃപ്രതിഷ്ഠിക്കുകയും ചെയ്തുകൊണ്ട് ഇസ്‌ലാമിനെ തനതായ രൂപത്തിൽ പുനരവതരിപ്പിക്കുകയാണ് നവോത്ഥാനപ്രസ്ഥാനത്തിന്റെ മൗലിക ധർമം. കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികളെ ശക്തിയുക്തം നേരിടുകയും സാഹചര്യങ്ങളുടെ മാറ്റങ്ങൾക്കനുസരിച്ച് ഇസ്‌ലാമിന്റെ വളർച്ച സുഗമമാക്കുകയും ചെയ്തുകൊണ്ട് ദൈവികദീനിന്റെ ശക്തിചൈതന്യം വീണ്ടെടുക്കുവാൻ നവോത്ഥാനപ്രസ്ഥാനം പ്രതിജ്ഞാബദ്ധമാകുന്നു. ഇസ്‌ലാമിനെ മൊത്തത്തിൽ പ്രതിനിധാനം ചെയ്യുന്നതിനൊപ്പം, അവഗണിക്കപ്പെടുകയോ നിഷേധിക്കപ്പെടുകയോ കൈകടത്തലിന് വിധേയമാവുകയോ ചെയ്ത വശങ്ങളിൽ കൂടുതൽ ഊന്നൽ നൽകുകയെന്നതും നവോത്ഥാന പ്രക്രിയയുടെ സവിശേഷതയാണ്.

ജമാഅത്തെ ഇസ്‌ലാമിയെ സംബന്ധിച്ചേടത്തോളം ഒരു സംഘടനയെന്ന നിലയിൽ അതിന്റെ രൂപീകരണം 1941-ലാണ് ഉണ്ടായതെങ്കിലും അതിലേക്ക് വഴിതെളിച്ച പശ്ചാത്തലപ്രവർത്തനങ്ങൾക്ക് നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽതന്നെ തുടക്കം കുറിച്ചിരുന്നു എന്നത് ചരിത്രവസ്തുതയാണ്. അതായത് പ്രസ്ഥാനനായകന്റെ ഇരുപത്തിമൂന്ന് വർഷങ്ങളിൽ നിറഞ്ഞ്നിൽക്കുന്ന വ്യക്തിഗതമായ നവോത്ഥാന സംരംഭങ്ങളുടെ സ്വാഭാവിക പരിണിതി എന്ന നിലയിലാണ് 1941 ഓഗസ്റ്റ് 26-ന് സംഘടന നിലവിൽവന്നത്. ഈ കാലയളവിൽ ഇസ്‌ലാമിനെയും മുസ്‌ലിം ലോകത്തെയും പൊതുവിലും ഇന്ത്യൻ മുസ്‌ലിംകളെ പ്രത്യേകിച്ചും അഭിമുഖീകരിച്ച മുഖ്യപ്രശ്നങ്ങളും വെല്ലുവിളികളും എന്തായിരുന്നുവെന്ന് വിലയിരുത്തുമ്പോൾ മാത്രമേ ഒരു നവോത്ഥാന പ്രസ്ഥാനമെന്ന നിലയിൽ ജമാഅത്തെ ഇസ്‌ലാമിക്ക് നിർവഹിക്കേണ്ടിയിരുന്ന ദൗത്യത്തിന്റെ പ്രസക്തിയും പ്രാധാന്യവും ബോധ്യപ്പെടുകയുള്ളൂ.

യൂറോപ്പിൽ ശാസ്ത്രവിജ്ഞാനത്തിന്റെ വിസ്ഫോടനവും അതിനെ കണ്ണടച്ച് എതിർക്കാനൊരുമ്പെട്ട ക്രൈസ്തവ പള്ളിമേധാവിത്തത്തിന്റെ മതാന്ധതയും സൃഷ്ടിച്ച സംഘർഷത്തിൽ പള്ളിയുടെ പരാജയം സുനിശ്ചിതവും അനിവാര്യവുമായിരുന്നു. യഥാർഥ മതം ചിത്രത്തിലുണ്ടായിരുന്നില്ലെങ്കിലും തോറ്റത് മതവും ദൈവവുമാണെന്ന പ്രതീതിയാണുണ്ടായത്. പ്രത്യാഘാതം യൂറോപ്പിലൊതുങ്ങിയില്ല. പടിഞ്ഞാറൻ കോളനിമേലാളരുടെ സ്വാധീനവലയത്തിലമർന്ന മുസ്‌ലിംലോകത്തിലുടനീളം പാശ്ചാത്യൻ ഭൗതിക സിദ്ധാന്തങ്ങളുടെയും ജീവിതവീക്ഷണങ്ങളുടെയും ഒരു മലവെള്ളപ്പാച്ചിലിന് തന്നെ അത് രംഗമൊരുക്കി. ഇസ്‌ലാമിക സമൂഹത്തിലെ അഭ്യസ്തവിദ്യരായ ഉപരിവർഗങ്ങളിലും പുരോഗമനേച്ഛുക്കളായ യുവജനങ്ങളിലും ഇതുണ്ടാക്കിയ പ്രതികരണങ്ങൾ ഏതാണ്ടിപ്രകാരമായിരുന്നു.

ഒന്ന്: മതത്തിനും ദൈവത്തിനും മനുഷ്യജീവിതത്തിലെ നിയമശക്തിയെന്ന സ്ഥാനം നിരാകരിക്കപ്പെട്ടു. മതം വേണമെന്നുള്ളവർക്ക് വ്യക്തിയുടെ വിശ്വാസത്തിലും സ്വകാര്യജീവിതത്തിന്റെ പരിമിതികളിലും അതാവാം. എന്നാൽ ജീവിതത്തിന്റെ സാമൂഹിക മണ്ഡലങ്ങളിലൊരിടത്തും മതത്തിനും ദൈവത്തിനും പങ്കാളിത്തമില്ല. മതജീവിതം വേറെ പൊതുജീവിതം വേറെ. ആ കാലഘട്ടത്തിൽ അറബ് ലോകത്തിന്റെ സിരാകേന്ദ്രമായ ഈജിപ്തിൽ പ്രചാരത്തിലിരുന്ന ഒരു മുദ്രാവാക്യം 'അദ്ദീനു ലില്ലാ, വൽ വത്വനു ലിൽ ജാമിഅ'[1] എന്നായിരുന്നു. മതം ദൈവത്തിന് രാജ്യം ജനങ്ങൾക്ക് എന്നർഥം. മറ്റൊരുവിധം പറഞ്ഞാൽ, അല്ലാഹുവിന്റെ പരാമാധികാരം (Supreme sovereignty) എന്ന തൗഹീദിന്റെ വളരെ പ്രധാനമായ ഘടകം സാമൂഹ്യജീവിതത്തിൽ നിന്ന് നിഷ്കരുണം എടുത്തു മാറ്റപ്പെട്ടപ്പോൾ ഇസ്‌ലാമിക സമൂഹം നിസ്സംഗതയോടെ അത് കണ്ട് നിൽക്കുകയായിരുന്നു. ഈ വിരോധാഭാസത്തെ നിശിതമായി കളിയാക്കിക്കൊണ്ട് ഒരു പാശ്ചാത്യ പണ്ഡിതനെഴുതിയ വരികൾ മൗലാനാ മൗദൂദി ഉദ്ധരിക്കുന്നു:

''ഒരു ആഗ്ലേയ ഗ്രന്ഥകാരനായ ലോറൻസ് ബ്രൗൺ തന്റെ 'ദ പ്രോസ്പെക്ടസ് ഓഫ് ഇസ്‌ലാം' എന്ന ഗ്രന്ഥത്തിൽ മുസ്‌ലിംകളെ പരിഹസിച്ചുകൊണ്ട് ഇങ്ങനെ എഴുതുകയുണ്ടായി: ഇസ്‌ലാമിന്റെ സിവിൽ-ക്രിമിനൽ നിയമങ്ങൾ പഴഞ്ചനും അപ്രായോഗികവുംആണെന്ന് കണ്ട് ഇന്ത്യയിൽ ഞങ്ങൾ അതിനെ ദുർബലപ്പെടുത്തുകയും മുസ്‌ലിംകൾക്ക് അവരുടെ പേഴ്സണൽ ലോ മാത്രം അനുവദിക്കുകയും ചെയ്തപ്പോൾ അവർക്കത് തികച്ചും അരോചകമായി തോന്നിയിരുന്നു. കാരണം അതു മൂലം അവരുടെ നിലപാട്, ഇസ്‌ലാമിക ഭരണത്തിൽ ഒരുകാലത്ത് ദിമ്മികൾക്കുണ്ടായിരുന്ന നിലപാടായിത്തീരുമായിരുന്നു. എന്നാൽ ഇന്നാകട്ടെ ഇന്ത്യൻ മുസ്‌ലിംകൾ അതിഷ്ടപ്പെട്ടുവെന്നല്ല, മുസ്‌ലിം ഗവൺമെന്റുകൾ തന്നെയും പ്രസ്തുത വിഷയത്തിൽ ഞങ്ങളെ അനുകരിച്ചിരിക്കുന്നു. തുർക്കിയും അൽബേനിയയുമാണെങ്കിൽ അവിടുന്നും മുന്നോട്ട്കടന്ന്, വിവാഹം, വിവാഹമോചനം, അനന്തിരാവകാശം എന്നിവയുടെ നിയമങ്ങളിൽപോലും ഞങ്ങളുടെ മാനദണ്ഡങ്ങൾക്കൊത്ത് പരിഷ്കാരങ്ങൾ വരുത്തിയിരിക്കയാണ്. നിയമത്തിന്റ ഉറവിടസ്ഥാനം 'ദൈവഹിത'മാണെന്ന മുസ്‌ലിംകളുടെ വിഭാവനം ഒരു 'വിശുദ്ധ കേട്ടുകഥ' (pious fiction)[2]യിൽ കവിഞ്ഞ മറ്റൊന്നുമായിരുന്നില്ലെന്ന വസ്തുത ഇപ്പോൾ പ്രത്യക്ഷപ്പെട്ടുകഴിഞ്ഞിരിക്കുന്നു.''

(സത്യസാക്ഷ്യം, പേജ്: 20, 21)

രണ്ട്: ഈ മതനിരാസ പ്രതിഭാസം സാമൂഹ്യജീവിതത്തിന്റെ നാലതിരുകളിൽ ഒതുങ്ങുന്നില്ല. ഇസ്‌ലാമിക സൗധത്തിന്റെ വിശ്വാസപരവും അനുഷ്ഠാനപരവുമായ മൂലശിലകൾ വരെ അതിന്റെ ആഘാതത്തിൽ ആടിയുലഞ്ഞു. അല്ലാഹു, പരലോകം, സ്വർഗം, നരകം, മലക്ക്, വഹ്‌യ് തുട

ങ്ങിയ കാര്യങ്ങളെല്ലാം സംശയങ്ങൾക്ക് ശരവ്യമായി.[3] മുഅ്ജിസത്ത്-കറാമത്തുകൾ കാര്യകാരബന്ധത്തിന്റെ ഭൗതികമാനങ്ങളാൽ വ്യാഖ്യാനിക്കുവാനുള്ള പ്രവണത മതപണ്ഡിതന്മാരെപ്പോലും സ്വാധീനിച്ചു. ഇസ്‌ലാമിന്റെ സിവിൽ-ക്രിമിനൽ നിയമങ്ങളും ശരീഅത്ത് മുഴുക്കെത്തന്നെയും ചോദ്യം ചെയ്യപ്പെട്ടുതുടങ്ങി. അമുസ്‌ലിം ജനസമുദായങ്ങളുടെ പുരോഗതിക്ക് നിദാനം പന്നിമാംസമാണെന്ന് കണ്ടെത്തിയ ഒരു മുസ്‌ലിം ബുദ്ധിജീവി ആ ഇഷ്ട ഭോജ്യം ഇസ്‌ലാമിലും ഹലാലാണെന്ന് വരെ എഴുതാൻ മടിച്ചിട്ടില്ല.[4] ഹദീസ് നിഷേധ പ്രസ്ഥാനത്തിലൂടെ അഞ്ചുനേരത്തെ നമസ്കാരംപോലും വിവാദ വിഷയമാക്കപ്പെട്ടു. ബ്രിട്ടീഷ് യജമാനന്മാരുടെ നിലനിൽപ്പിനുവേണ്ടി പടച്ചതമ്പുരാനോട് പ്രാർഥിക്കൽ മതവിധിയുണ്ടാക്കിയ ഒരു പ്രവാചകവേഷം ഇന്ത്യയിലെ ഖാദിയാൻ എന്ന പ്രദേശത്ത് ഇറങ്ങിവന്നതും ഇസ്‌ലാമിലെ ജിഹാദ് ദുർബലപ്പെടുത്തിയതായി പ്രഖ്യാപിച്ചതും ഇതിനോട് തൊട്ട കാലഘട്ടത്തിലായിരുന്നു. പാശ്ചാത്യരോടുള്ള വിധേയത്വവും മാപ്പുപറയൽ മനസ്ഥിതിയും ഇസ്‌ലാമിനെ സംബന്ധിച്ച കടുത്ത അപകർഷതാബോധവും സാർവത്രികമായിരുന്നു.[5]

മൂന്ന്: മനസ്സിനെയും മഷ്തിഷ്കത്തെയും ആഴത്തിൽ സ്വാധീനിച്ച ആദർസ വിശ്വാസങ്ങളുടെ ശക്തമായ പ്രതിഫലനം സംസ്കാരങ്ങളുടെ ബാഹ്യരൂപങ്ങളിലും കാണുക സ്വാഭാവികമാണല്ലോ. പേരിൽ മുസ്‌ലിമാണെങ്കിലും ഭാഷയിലും വേഷഭൂഷകളിലും തീർത്തും പാശ്ചാത്യവൽകൃതമായ, തൊലികറുത്ത സായിപ്പന്മാരുടെയും മദാമമാരുടെയും ഒരു പുത്തൻ തലമുറ ഇസ്‌ലാമിക സമൂഹത്തിന്റെ ഉപരിതലത്തിൽ ഉയർന്നുവന്നു. സമുദായത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവും വിദ്യാഭ്യാസപരവും കലാസാംസ്കാരികവുമായ മിക്ക മേഖലകളുടെയും ചാലകശക്തി ഇവരായിത്തീർന്നു. തുർക്കി, അൾജീരിയ, മൊറോക്കോ, ഈജിപ്ത്, പാക്കിസ്ഥാൻ ഉൾപ്പടെ മിക്ക മുസ്‌ലിം രാഷ്ട്രങ്ങളിലും ഇന്നും തുടരുന്ന രാഷ്ട്രീയ-സാംസ്കാരിക സംഘർഷങ്ങളുടെ അടിവേരുകൾ ഇവിടെ കണ്ടെത്താവുന്നതാണ്. (തുർക്കിയിലാവട്ടെ അറബി ലിപി പോലും റദ്ദാക്കപ്പെട്ടു. വിദ്യാലയങ്ങളിൽ ഇസ്‌ലാമിക വസ്ത്രധാരണത്തിന് അനുവാദം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് അവിടങ്ങളിലെ യുവജനപ്രസ്ഥാനങ്ങൾ നയിക്കുന്ന സമര മുന്നേറ്റങ്ങൾ ഇനിയും വിജയം കണ്ടെത്തിവരുന്നതേയുള്ളൂ).

സ്ഥിതിഗതികൾ എന്തുമാത്രം ഗുരുതരമായിരുന്നുവെന്നും മുസ്‌ലിം ലോകം എവിടെയാണ് എത്തിപ്പെട്ടിരിക്കുന്നതെന്നും ഈ ലഘുവിവരണത്തിൽനിന്ന് ഏതാണ്ട് ഊഹിക്കാവുന്നതാണ്. ഇതിനെല്ലാം എതിരെ കലാപക്കൊടി ഉയർത്തിയിരുന്ന സമുദായ മനഃസാക്ഷിയാവട്ടെ, പ്രതികരണശേഷി നഷ്ടപ്പെട്ട നിലയിലായിരുന്നു. ഒറ്റപ്പെട്ട ശബ്ദങ്ങൾക്ക് കേൾവിയും കേൾപ്പോരുമുണ്ടായിരുന്നില്ല.

നാല്: ഇതിനെല്ലാം പുറമെ, മുസ്‌ലിം സമുദായം ഒരു ആദർശ സമൂഹമെന്നും പ്രബോധസംഘമെന്നുമുള്ള തനതായ അവസ്ഥയിൽനിന്ന് മറ്റു ജാതികളെപ്പോലൊരു മതജാതിയായും പാരമ്പര്യസമുദായമായും തരംതാണുപോയതാണ് ഏറെ ഖേദകരമായ ദുരന്തം. മാനവരാശിയുടെ മുമ്പിൽ നന്മയുടെ പതാക ഉയർത്തിപ്പിടിക്കുവാനും തിന്മ ഉന്മൂലനം ചെയ്യാനും ദൈവത്താൽ നിയോഗിതരായ മാതൃസമൂഹമെന്ന സ്വന്തംനിലപാട് അവർ എന്നേ മറന്നുപോയി. ആദർശസമൂഹമെന്ന ഐഡന്റിറ്റി നഷ്ടപ്പെട്ട അവരിൽ ഭിന്നതകളും വിഭാഗീയതകളും തലപൊക്കി. സുന്നിയും ശീഈയും അറബിയും തുർക്കിയുമായി അവർ വഴിപിരിഞ്ഞു. ഇറാനും ടുറാനും അഫ്ഗാനും പഠാനും പഞ്ചാബിയും ബംഗാളിയും ബീഹാരിയുമായി അവർ തരംതിരിക്കപ്പെട്ടു. ഇതിനെല്ലാം അതീതമായ, അഥവാ ഇതിനെയെല്ലാം സമന്വയിപ്പിച്ച സാർവദേശീയ മുസ്‌ലിം വ്യക്തിത്വ'മാകട്ടെ എങ്ങും ദൃശ്യമായില്ല. ഈ വിഭാഗീയതകൾക്ക് ആക്കം കൂട്ടുന്നതിൽ പടിഞ്ഞാറിന്റെ സംഭാവനയായ നാഷണലിസം വഹിച്ച പങ്ക് ചെറുതായിരുന്നില്ല. നാമമാത്രമായെങ്കിലും നിലനിന്നുപോന്ന ഉസ്മാനിയ ഖിലാഫത്തിന്റെ ദാരുണ പതനത്തിന് കളമൊരുക്കിയ സംഭവങ്ങളിലൊന്ന് അറബ്-തുർക്കി ശത്രുതയായിരുന്നുവല്ലോ. ആ വിടവ് വളർത്തുന്നതിൽ പടിഞ്ഞാറിന്റെ കുടിലതന്ത്രം കാട്ടിയ വിരുത് ചരിത്ര വിദ്യാർഥികൾക്ക് അജ്ഞാതമല്ല.

ആദർശ സമൂഹമെന്നും-പ്രബോധക സംഘമെന്നുമുള്ള ഉന്നത നിലവാരമിരിക്കട്ടെ, ശരാശരി മുസ്‌ലിമെന്ന നിലപാട് നിലനിർത്തുന്നതിൽ പോലും സമുദായം പരാജയപ്പെടുകയാണുണ്ടായത്. മുസ്‌ലിമും അമുസ്‌ലിമും തമ്മിൽ ആരധനാരീതികളുടെ വൈജാത്യങ്ങൾക്കപ്പുറം കാണപ്പെടുന്ന വ്യത്യാസങ്ങളൊന്നുമില്ലെന്ന അവസ്ഥ വന്നുചേർന്നു. അമുസ്‌ലിം ചെയ്യുന്ന യാതൊന്നും മുസ്‌ലിമിന് ചെയ്തുകൂടാത്തതായി അവശേഷിച്ചില്ല. ചുരുക്കത്തിൽ ചേലാകർമത്തിലൊതുങ്ങി, മുസ്‌ലിം-അമുസ്‌ലിം വ്യത്യാസത്തിന്റെ പൊരുൾ.

ഘനാന്ധകാരത്തിന്റേതായ ഈ സാഹചര്യത്തിൽ കരുത്തുറ്റ ഒരു ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രസക്തി വിശിഷ്യാ പറഞ്ഞറിയിക്കേണ്ടതില്ല. പ്രതികൂലാവസ്ഥകളോട് പ്രതികരിക്കുവാനും സാഹചര്യത്തെ മാറ്റിയെടുക്കുവാനും പ്രതിജ്ഞാബദ്ധമായ ആ പ്രസ്ഥാനത്തിന് അനിവാര്യമായും ചില സവിശേഷതകൾ ഉണ്ടായിരിക്കണം.

ഒന്ന്: പാശ്ചാത്യൻ ഭൗതിക മേധാവിത്വത്തിന് അടിയറവു പറയുന്നതാകരുത് ആ പ്രസ്ഥാനം. പടിഞ്ഞാറിന്റെ നല്ലവശങ്ങളും നിർമാണാത്മക സിദ്ധികളും അകം തുറന്ന് അംഗീകരിക്കുന്നതോടൊപ്പം, അവരുടെ ദൈവധിക്കാരപരമായ അബദ്ധസിദ്ധാന്തങ്ങളെയും വികല ജീവിതവീക്ഷണത്തെയും സംസ്കാര വൈകൃതങ്ങളെയും നിശിതമായി ചോദ്യം ചെയ്യുവാൻ കഴിവുറ്റതാകണം അത്. ഭൗതികത്വം പ്രതിക്കൂട്ടിൽ നിർത്തിയ മതത്തിനും ദൈവത്തിനും വേണ്ടി മാപ്പുസാക്ഷിയുടെ റോൾ അഭിനയിക്കുകയും ചെരുപ്പിനൊപ്പിച്ച് കാൽമുറിക്കാൻ സന്നദ്ധമാവുകയും ചെയ്യുന്ന ഒരു സംരംഭവും -അത് എത്രതന്നെ സദുദ്ദേശപരമാണെങ്കിലും- നവോത്ഥാനപ്രസ്ഥാനമെന്ന് അവകാശപ്പെടാൻ അർഹമല്ല.

രണ്ട്: തൗഹീദിന്റെ ആത്മീയവശവും ആരധനാമേഖലയിൽ അല്ലാഹുവിന്റെ ഏകത്വവും ഉയർത്തിപ്പിടിക്കുന്നതോടൊപ്പം ജീവിതത്തിന്റെ രാഷ്ട്രീയ-സാമൂഹ്യ മേഖലകളിലും പരമാധികാരം അല്ലാഹുവിന് തന്നെയാണെന്ന് ഉറക്കെ പ്രഖ്യാപിക്കുന്നതാകണം ആ പ്രസ്ഥാനം. അത്യുന്നതങ്ങളിൽ മുഴങ്ങുന്ന ശബ്ദം അല്ലാഹുവിന്റേതാകണം. ആകാശത്തിൽ മാത്രമല്ല, ഭൂതലത്തിലും അനുസരണം പരമമായി അവനു മാത്രമാവണം. ദൈവത്തിനുള്ളത് മാത്രം ദൈവത്തിനും ബാക്കിയുള്ളതെല്ലാം സീസറിനും പങ്കുവെക്കുന്ന സങ്കുചിത മതസങ്കൽപം ഇവിടെ പ്രസക്തമല്ല. ഇസ്‌ലാമിൽ പടിഞ്ഞാറുനിന്ന് കടന്നുകൂടിയ ഈ കൊടിയ ശിർക്ക്-ബിദ്അത്ത് പാടെ തൂത്തെറിയാൻ ഈ കാലഘട്ടത്തിലെ ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനം പ്രതിജ്ഞാബദ്ധമാവണം. എങ്കിലേ ആ വിശേഷണം അതർഹിക്കുന്നുള്ളൂ.

മൂന്ന്: വ്യക്തിസംസ്കരണത്തിന് ശക്തമായ ഊന്നൽ നൽകിക്കൊണ്ടുതന്നെ ഇസ്‌ലാമിന്റെ കാഴ്ചപ്പാടിൽ സാമൂഹ്യ പരിവർത്തനത്തിനുള്ള അടിത്തറകളും സമർപ്പിക്കപ്പെടണം. ഉദാഹരണത്തിന്- മതമുക്ത ജനാധിപത്യ വ്യവസ്ഥ(Secular democracy)യുടെ സ്ഥാനത്ത് ദൈവിക പരമാധികാരത്തിനു കീഴിൽ ജനങ്ങളുടെ പ്രാതിനിധ്യവ്യവസ്ഥ (ഖിലാഫത്ത്).[6] മാനവതയെ ഭൂമിശാസ്ത്രത്തിന്റെ അതിരുകളിൽ തളച്ചിടുന്ന നാഷണലിസത്തിനുപകരം മനുഷ്യസാഹോദര്യത്തിലധിഷ്ഠിതമായ സാർവദേശീയത. വ്യക്തിയുടേയോ സ്റ്റേറ്റിന്റേയോ സ്വത്തുടമാ സിദ്ധാന്തങ്ങൾക്കു (കമ്യൂണസത്തിനും മുതലാളിത്തത്തിനും) പകരം ദൈവത്തിന്റെ ഉടമസ്ഥാസിദ്ധാന്തത്തിൽ കെട്ടിപ്പടുത്ത നീതിയുക്തമായ സമ്പദ്വ്യവസ്ഥ. സ്ത്രീ-പുരുഷ ബന്ധത്തിന്റെ പൗരസ്ത്യ-പാശ്ചാത്യ സങ്കൽപങ്ങൾക്കുപരി ഇരു വർഗങ്ങളുടെയും സൃഷ്ടിസഹജമായ സവിശേഷതകൾ പരിഗണിച്ചുകൊണ്ടുള്ള സ്ത്രീ-പുരുഷ പങ്കാളിത്തം. സർവോപരി ഐഹികമാത്രമായ ജീവിത സങ്കൽപത്തിനു പകരമായി പരലോക

ബോധത്തിലൂന്നിയ ജീവിതവീക്ഷണം. ഈ മൂലശിലകളിൽ പണിതുയർത്തിയ പുതിയലോകം, പുതിയ മനുഷ്യൻ, സംസ്കാര നാഗരികതയുടെ ഒരു പുതുയുഗപ്പിറവി! അത്യുദാത്തമായ ഇത്തരമൊരു നിലപാടും കാഴ്ചപ്പാടും സ്വായത്തമാക്കിയ പ്രസ്ഥാനമേ ശരിയായ അർഥത്തിൽ ആധുനിക കാലഘട്ടത്തിലെ ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനമാകുന്നുള്ളൂ. ഭാഗികമോ ശാഖാപരമോ ആയ പരിഷ്കരണ പ്രവർത്തനങ്ങളുടെ പ്രാധാന്യം ഇവിടെ കുറച്ചുകാണേണ്ടതില്ല. ഒരു സമ്പൂർണ നവോത്ഥാന പ്രസ്ഥാനത്തിന് അവ പകരമാകുന്നില്ലെന്നേയുള്ളൂ.

നാല്: ഉപര്യുക്ത സമ്പൂർണ നവോത്ഥാന സംരംഭത്തിന്റെ ചാലകശക്തിയാകത്തക്കവണ്ണം നാമമാത്ര ഇസ്‌ലാമിക സമൂഹത്തെ യഥാർഥ ഇസ്‌ലാമിക സമൂഹമായി പരിവർത്തിപ്പിക്കേണ്ടതുണ്ട്. അധരത്തിൽ മധുരം പുരട്ടിക്കൊണ്ടു മാത്രം സാധിക്കാവുന്നതല്ല ഈ ദൗത്യം. കൈപ്പുറ്റ കഷായംതന്നെ ചിലപ്പോൾ വേണ്ടിവരും. രോഗമെന്തെന്നറിയാത്ത രോഗി മരുന്ന് കഴിക്കാൻ വിസമ്മതിക്കുകയോ ചികിൽസകർക്കുനേരെ ചേഷ്ടകൾ കാട്ടുകയോ ചെയ്യുന്നതുപോലെ സുഖകരമല്ലാത്ത പ്രത്യാഘാതങ്ങളുണ്ടാകാം. ഇസ്‌ലാമിക പ്രവർത്തകന്റെ ഗുണകാംക്ഷയും സമുദായ സ്നേഹവും തന്നെ സംശയിക്കപ്പെടാം. ശത്രുവിവിനെയും മിത്രത്തെയും തിരിച്ചറിയുന്നതിൽ തുടർച്ചയായി പരാജയം ഏറ്റുവാങ്ങിയ ശുദ്ധാത്മാക്കളുടെ സമുദായമാണ് നമ്മുടേതെന്നിരിക്കേ വിശേഷിച്ചും! ഇത്തരം അവസ്ഥാന്തരങ്ങളെല്ലാം ക്ഷമയോടും സ്നേഹവായ്പോടും നേരിട്ടുകൊണ്ട് സമുദായ പരിഷ്കരണത്തിന്റെ പാതയിൽ മുന്നോട്ടുനീങ്ങുവാൻ അറിവും കഴിവുമുള്ളതാകണം നവോത്ഥാന പ്രസ്ഥാനം. ചുരുക്കത്തിൽ തങ്ങളുൾക്കൊള്ളുന്ന മുസ്‌ലിം സമുദായത്തോട് വീണ്ടും മുസ്‌ലിമാവുകയെന്ന് ശക്തമായി ഉദ്ബോധിപ്പിക്കുന്ന പ്രസ്ഥാനമാണ് ഈ കാലഘട്ടത്തിലെ നവോത്ഥാന പ്രസ്ഥാനം. മുസ്‌ലിംകളെ വ്യക്തികഗതമായി സംസ്കരിക്കുന്നതിനപ്പുറം അവരെ ഒരു ആദർശസമൂഹമായും പ്രബോധകസംഘമായും മാറ്റിയെടുക്കുകയെന്നതാവണം പ്രസ്ഥാനത്തിന്റെ മൗലികധർമം.

ജമാഅത്തെ ഇസ്‌ലാമിയെന്ന നവോത്ഥാന പ്രസ്ഥാനത്തിന്റെ സ്വഭാവസവിശേഷതകളും അത് രൂപംകൊണ്ട സാഹചര്യവും അതിന് നിർവഹിക്കാനുള്ള ദൗത്യവും ഈ വിവരണത്തിൽനിന്ന് ഏതാണ്ട് മനസ്സിലാക്കാമെന്നു കരുതുന്നു. ഇതേ സാഹചര്യത്തിൽ ഈജിപ്ത്, തുർക്കി, അൾജീരിയ മുതലായ മുസ്‌ലിം നാടുകളിൽ സാമാന്യസ്വഭാവമുള്ള പ്രസ്ഥാനങ്ങൾ ഉയർന്നുവന്നതിന്റെ പ്രസക്തിയും ഇതോടൊപ്പം മനസ്സിലാക്കാവുന്നതാണ്. സമാനസാഹചര്യങ്ങളിൽ സമാനസ്വഭാവമുള്ള പ്രസ്ഥാനങ്ങൾ ഉദയംചെയ്തു എന്നതുതന്നെ അവയുടെ ആവശ്യകതക്കും പ്രാധാന്യതത്തിനും മതിയായ തെളിവാകുന്നു. അങ്ങനെ സംഭവിച്ചില്ലങ്കിലേ അസാംഗത്യം ഉണ്ടാകുമായിരുന്നുള്ളൂ.

1.ഒരു അറബിക്കവിത ഇങ്ങനെപോകുന്നു:

(എല്ലാ മതങ്ങളേക്കാളും ദേശത്തിന് മുൻതൂക്കം നൽകുക. നേമ്പെടുക്കുന്നതും നോമ്പ് മുറിക്കുന്നതും ദേശത്തിന് വേണ്ടിയാവുക

നമുക്കിടയിൽ ഐക്യമുണ്ടാക്കുന്ന 'കുഫ്റി'ന് മംഗളം. അതിന്റെ പേരിൽ നരകമെങ്കിൽ ആ കൊടുംനരകത്തിന് മംഗളം.)

2. ഈ പാശ്ചാത്യൻ 'വിശുദ്ധ കെട്ടുകഥ'ക്ക് ടിപ്പണികളെഴുതുന്ന മതപണ്ഡിതന്മാരുടെ അവശിഷ്ടങ്ങൾ നമ്മുടെ കേരളക്കരയിലും ജീവിച്ചിരിക്കുന്നുവെന്നത് മറ്റൊരു വിരോധാഭാസം തന്നെ.

3. ഇസ്‌ലാമിന്നെതിരെ അകത്ത് നിന്നും പുറത്ത് നിന്നും അതിശക്തമായി ഉയർന്നുവന്ന ഇത്തരം ചോദ്യങ്ങൾക്കും സംശയങ്ങൾക്കും തകർപ്പൻ മറുപടി നൽകുവാൻ മൗലാനാ മൗദൂദിയുടെ മൂർച്ചയുള്ള തൂലിക സദാ ജാഗരൂകമായിരുന്നു. അദ്ദേഹത്തിന്റെ 'തർജുമാനുൽ ഖുർആൻ' എന്ന പ്രശസ്ത മാസികയിൽ അപ്പപ്പോൾ എഴുതിക്കൊണ്ടിരുന്നതും പിന്നീട ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടതുമായ പ്രൗഢ ലേഖനങ്ങൾ ഇതിന് സാക്ഷിയാണ്. ഒരു ഉദാഹരണം മാത്രം: പ്രസിദ്ധ പണ്ഡിതനും എഴുത്തുകാരനുമായ 'നിഗാർ' പത്രാധിപർ നിയാസ് ഫതഹ്പുരി ഇസ്‌ലാമിലെ അദൃശ്യകാര്യങ്ങൾ സംശയങ്ങളുന്നയിച്ചുകൊണ്ട് മൗലാനാ മൗദൂദിയെ മറുപടിക്ക് വെല്ലുവിളിക്കുകയുണ്ടായി. തർജുമാനുൽ ഖുർആന്റെ
അടുത്ത ലക്കത്തിൽ മൗലാനാ ശക്തയുക്തമായി പ്രതകരിച്ചതിനെ തുടർന്ന് ഉത്തരംമുട്ടിയ 'നിഗാറിന്റെ' അധിപർ തർജുമാനിന് മാറ്റക്കോപ്പി അയക്കുന്നതുപോലും നിർത്തിക്കളഞ്ഞു. വിശദാംശങ്ങൾക്ക് നോക്കുക: തൻകീഹാത്ത് by മൗലാനാ മൗദൂദി.

4. ഇത്തരം താളംതെറ്റിയ മനസ്സിൽ കവിത കുരുത്താൽ എങ്ങനെയിരിക്കുമെന്ന് ഈ വരികളിൽ കാണുക. അല്ലാഹു! എന്ത് അല്ലാഹു! പണ്ടേ മരിച്ച അല്ലാഹു. അവനെയിതാ ഞാൻ ജീർണാന്ധതകളുടെ ശവമഞ്ചത്തിൽ ചുമക്കുകയുണ്ടായി. (ഇല്ല, ആ ജാലകപ്പഴുതിലൂടെ പാളിനോക്കൂ.മാലാഖമാർ കൊണ്ടുപോകുന്നതാ ദൈവത്തിന്റെ ശവമഞ്ചം)

5. ഈ ദുരവസ്ഥയെ പ്രസിദ്ധ പണ്ഡിതനായ മൗലാനാ അബുൽ ഹസൻ അലി നദ്‌വി വിശേഷിപ്പിച്ചത് 'കൂട്ടമത പരിത്യാഗം' എന്നാണ്. പ്രതിരോധിക്കാൻ ഒരു അബൂബക്കർ ഇല്ലാതെ വന്നതിൽ അദ്ദേഹം പരിതപ്പിക്കുന്നു. (റിദ്ദതുൽ വലാ അബാബക്കറിൻ ലഹാ)

6. ദൈവരാജ്യമെന്നോ ഡിവൈൻ ഡെമോക്രസിയെന്നോ ഇതിനെ വിശേഷിപ്പിക്കാമെന്ന് തോന്നുന്നു.